മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# ലോക തണ്ണീർത്തട ദിനാചരണം

**കോയമ്പത്തൂർ** ▸ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ ലോക തണ്ണീർത്തടദിനം ആചരിച്ചു.

ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. തണ്ണീർത്തടങ്ങൾക്ക് ജീവജാലങ്ങളിലുള്ള സ്വാധീനം അദ്ദേഹം വിശദീകരിച്ചു. തണ്ണീർത്തടങ്ങളുടെ പ്രാധാന്യം വിശദീകരിക്കുന്ന പോസ്റ്ററും ഹ്രസ്വചിത്രവും പ്രകാശനം ചെയ്തു.

ഡോ. കണ്ണൻ വാര്യർ തണ്ണീർത്തടദിനാചരണത്തിന്റെ 50-ാം വാർഷിക ബോധവത്കരണപ്രഭാഷണം നടത്തി.

ഡോ. ജോൺ പ്രശാന്ത് ജേക്കബ്, ഡോ. എസ്. വിഘ്നേശ്വരൻ എന്നിവർ പ്രസംഗിച്ചു.

257. News in Mathrubhumi, Palakkad, 03.02.2021, World Wetlands Day Observance by IFGTB ENVIS.